ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1979-ലെ നാളികേര വികസന ബോർഡ് ആക്റ്റ്

**(1979-ലെ 5-ാം ആക്റ്റ്)**

(1986 മേയ് 1-ാം തീയതി നിലവിലിരുന്നപ്രകാരം)

The Coconut Development Board Act, 1979

(Act No: 5 of 1979)

(As on 1st May, 1986)

©

വില Rs. 10.00

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്,
1986

# ആമുഖം

1986 മേയ് 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1979-ലെ നാളികേരവികസനബോർഡ് ആക്ററിന്റെ (1979-ലെ 5-ാം ആക്ററ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1986 ജൂലൈ 28-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസററ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ പ്രാധികൃത തർജ്ജമകൾ (കേന്ദ്ര നിയമങ്ങൾ) ആക്ററ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡൻറ് അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്ററിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

സി. രാമൻ മേനോൻ,
ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി.

ന്യൂഡൽഹി,
28-7-1986.

# PREFACE

This Edition of the Coconut Development Board Act, 1979 (Act 5 of 1979) as on 1st May, 1986, contains the authorised translation of that Act in Malayalam and the same was published in the Gazette of India Extra Ordinary Part XI, Section 1, No. 1, Volume 1 dated 28th July 1986 on pages one to twelve.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authorised Translations (Central Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

C. RAMAN MENON,
*Additional Secretary to the Government of India.*

New Delhi,
28-7-1986.

# 1979-ലെ നാളികേര വികസന ബോർഡ് ആക്ററ്

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ | | പേജ്

### അദ്ധ്യായം I

### പ്രാരംഭികം


| | | |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. 1 |
| 2. | യൂണിയൻ നിയന്ത്രിക്കുന്നത് സമീചീനമെന്ന് പ്രഖ്യാപിക്കൽ | .. 1 |
| 3. | നിർവ്വചനങ്ങൾ | .. 1 |


### അദ്ധ്യായം II

### നാളികേര വികസന ബോർഡ്


| | | |
|---|---|---|
| 4. | ബോർഡിൻെറ സ്ഥാപനവും ഘടനയും | .. 2 |
| 5. | ചെയർമാൻെറ ശമ്പളവും ബത്തയും മററ് സേവനവ്യവസ്ഥകളും അംഗങ്ങളുടെ ബത്തയും | .. 4 |
| 6. | അംഗങ്ങളുടെ രാജി | .. 4 |
| 7. | ബോർഡിലെ ഉദ്യോഗസ്ഥൻമാരും മററ് ജീവനക്കാരും | .. 4 |
| 8. | ജീവനക്കാരെ ബോർഡിലേയ്ക്ക് സ്ഥലം മാററുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ | .. 4 |
| 9. | ബോർഡിലെ കമ്മിററികൾ | .. 6 |
| 10. | ബോർഡിൻെറ ചുമതലകൾ | .. 6 |
| 11. | ബോർഡ് പിരിച്ചുവിടൽ | . 8 |


### അദ്ധ്യായം III

### ധനകാര്യവും കണക്കുകളും ആഡിററും


| | | |
|---|---|---|
| 12. | കേന്ദ്രസർക്കാരിൽനിന്ന് സഹായധനവും വായ്പകളും | .. 8 |
| 13. | നാളികേരവികസന ഫണ്ടിൻെറ സ്ഥാപനം | .. 8 |
| 14. | ബോർഡിൻെറ കടമെടുപ്പിനുള്ള അധികാരം | .. 9 |
| 15. | കണക്കുകളും ആഡിററും | .. 9 |


### അദ്ധ്യായം IV

### കേന്ദ്രസർക്കാരിൻെറ നിയന്ത്രണം


| | | |
|---|---|---|
| 16. | കേന്ദ്ര സർക്കാരിൻെറ നിർദ്ദേശങ്ങൾ | .. 10 |
| 17. | റിട്ടേണുകളും റിപ്പോർട്ടുകളും | .. 10 |


### അദ്ധ്യായം V

### പലവക


| | | |
|---|---|---|
| 18. | ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടിക്ക് സംരക്ഷണം | .. 10 |
| 19. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | .. 11 |
| 20. | റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം | .. 12 |
| 21. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെൻറ് മുൻപാകെ വയ്ക്കണമെന്ന് | .. 12 |




Rs 1 0P 0 0

# 1979-ലെ നാളികേര വികസന ബോർഡ് ആക്ററ്

(1979-ലെ 5—ാം ആക്ററ്)

[1979 മാർച്ച് 17]

യൂണിയൻെറ നിയന്ത്രണത്തിൻകീഴിൽ നാളികേര വ്യവസായം വികസിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മററു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യാനുള്ള ആക്ററ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ 30—ാം സംവത്സരത്തിൽ പാർലമെൻററ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.

1. (1) ഈ ആക്ററിന് 1979-ലെ നാളികേരവികസനബോർഡ് ആക്ററ്, എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്.

യൂണിയൻ നിയന്ത്രിക്കുന്നത് സമീചീനമെന്ന് പ്രഖ്യാപിക്കൽ.

2. നാളികേര വ്യവസായത്തെ യൂണിയൻെറ നിയന്ത്രണത്തിൽ എടുക്കുന്നത് പൊതുതാത്പര്യത്തിന് സമീചീനമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

നിർവ്വചനങ്ങൾ.

3. ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''ബോർഡ്'' എന്നാൽ 4—ാം വകുപ്പിൻകീഴിൽ രൂപീകരിക്കുന്ന നാളികേര വികസന ബോർഡ് എന്ന് അർത്ഥമാകുന്നു;

(ഖ) ''ചെയർമാൻ'' എന്നാൽ ബോർഡിൻെറ ചെയർമാൻ എന്ന് അർത്ഥമാകുന്നു;

(ഗ) ''നാളികേരം'' എന്നാൽ തെങ്ങിൻെറ കായ് എന്ന് അർത്ഥമാകുന്നതും അതിൽ പാകമാകാത്ത നാളികേരവും വിളഞ്ഞ നാളികേരവും കൊപ്രയും ഉൾപ്പെടുന്നതും ആകുന്നു;

വിശദീകരണം.—''തെങ്ങ്'' എന്നാൽ നാളികേരവൃക്ഷം, കോക്കോസ് നുസിഫെറലിൻ, എന്ന് അർത്ഥമാകുന്നു.

(ഘ) ''നാളികേരവ്യവസായം'' എന്നതിൽ—

(i) കയർ വ്യവസായമോ, അല്ലെങ്കിൽ

(ii) വെളിച്ചെണ്ണയിൽനിന്ന് ഉൽപ്പന്നങ്ങൾ (ഉപോൽപ്പന്നങ്ങൾ അടക്കം) നിർമ്മിക്കുന്ന ഒരു വ്യവസായമോ

ഉൾപ്പെടുന്നതല്ല;

(ങ) ''അംഗം'' എന്നാൽ ബോർഡിലെ ഒരംഗം എന്ന് അർത്ഥമാകുന്നതും അതിൽ ചെയർമാൻ ഉൾപ്പെടുന്നതും ആകുന്നു;

(ച) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു.

## അദ്ധ്യായം II

### നാളികേര വികസന ബോർഡ്

ബോർഡിന്റെ സ്ഥാപനവും ഘടനയും.

4. (1) ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, കേന്ദ്രസർക്കാർ ഇതിനു വേണ്ടി നിശ്ചയിക്കുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി ഈ ആക്ററിന്റെ ആവശ്യത്തിന് നാളികേര വികസന ബോർഡ് എന്ന് വിളിക്കപ്പെടേണ്ട ഒരു ബോർഡ് സ്ഥാപിക്കേണ്ടതാണ്.

(2) ആ ബോർഡ് മേൽപ്പറഞ്ഞ പേരിലുള്ളതും ശാശ്വതപിൻതുടർച്ചാവകാശവും ഒരു പൊതുമുദ്രയും ഉള്ളതും ജംഗമസ്ഥാവര വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും വിക്രയം ചെയ്യുകയുംചെയ്യാനുംകാൺട്രാക്ററിൽ ഏർപ്പെടാനും അധികാരം ഉള്ളതും ആയ ഒരു ഏകാംഗീകൃതനികായം ആയിരിക്കേണ്ടതും, ബോർഡ് വ്യവഹരിക്കുന്നതും വ്യവഹാര വിധേയമാകുന്നതും മേൽപ്പറഞ്ഞ പേരിൽ ആയിരിക്കേണ്ടതും ആകുന്നു.

(3) ബോർഡിന്റെ മുഖ്യകാര്യാലയം കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിനിർദ്ദേശിക്കുന്ന സ്ഥലത്തായിരിക്കേണ്ടതാണ്.

(4) ബോർഡിൽ താഴെപറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(ക) കേന്ദ്രസർക്കാർ നിയമിക്കുന്ന ഒരു ചെയർമാൻ;

(ഖ) ഔദ്യോഗിക നിലയിൽ ഇൻഡ്യാ സർക്കാരിന്റെ അഗ്രികൾച്ചറൽ കമ്മീഷണർ;

(ഗ) ഔദ്യോഗിക നിലയിൽ കേന്ദ്രപ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്ററിററ്യൂട്ടിന്റെ (ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്) ഡയറക്ററർ;

(ഘ) ഔദ്യോഗികനിലയിൽ കയർവ്യവസായ ആക്ററ്, 1953—ലെ 4—ാം വകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട കയർ ബോർഡിന്റെ ചെയർമാൻ;

(ങ) ലോകസഭ തെരഞ്ഞെടുക്കുന്ന രണ്ടംഗങ്ങളും രാജ്യസഭ തെരഞ്ഞെടുക്കുന്ന ഒരംഗവും ഉൾപ്പെടെ മൂന്നു പാർലമെന്റംഗങ്ങൾ

(ച) കേന്ദ്രസർക്കാരിന്റെ—

(i) റവന്യൂ,

(ii) സിവിൽ സപ്ലൈസും സഹകരണവും എന്നീമന്ത്രാലയങ്ങളെ യഥാക്രമംപ്രതിനിധീകരിക്കുവാൻ കേന്ദ്രസർക്കാർ നിയമിക്കുന്ന രണ്ട് അംഗങ്ങൾ;

(ഛ) തെങ്ങ് വ്യാപകമായി കൃഷിചെയ്യുന്ന കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിലെ സർക്കാരുകൾ ഓരോന്നിനേയും പ്രതിനിധീകരിക്കുവാൻ ഓരോ ആൾ വീതം കേന്ദ്ര സർക്കാർ നിയമിക്കുന്ന മൂന്ന് അംഗങ്ങൾ;

(ജ) ആന്ധ്രാപ്രദേശ്, ആസ്സാം, മഹാരാഷ്ട്ര, ഒറീസ്സാ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളേയും ആൻഡമാനും നിക്കോബാറും ദ്വീപുകൾ, ഗോവ, ദാമൻ, ദിയൂ, ലക്ഷദ്വീപ്, പോണ്ടിച്ചേരി എന്നീ യൂണിയൻ പ്രദേശങ്ങളേയും പ്രതിനിധീകരിക്കുന്നതിന് അക്ഷരമാലാക്രമത്തിൽ ഊഴം അനുസരിച്ച് കേന്ദ്രസർക്കാർ നിയമിക്കുന്ന അഞ്ച് അംഗങ്ങൾ;.

(ഝ) കേരള സംസ്ഥാനത്തിലെ നാളികേര ഉത്പാദകരെ പ്രതിനിധീകരിക്കുന്നതിന് രണ്ടും തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിലെ നാളികേര ഉത്പാദകരെ പ്രതിനിധീകരിക്കുന്നതിന് ഓരോന്നും ആയി കേന്ദ്ര സർക്കാർ നിയമിക്കുന്ന നാല് അംഗങ്ങൾ;

(ഞ) നാളികേരം സംസ്കരിക്കുന്ന വ്യവസായത്തെ പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാർ നിയമിക്കുന്ന ഒരു അംഗം;

(ട) കേന്ദ്രസർക്കാരിൻെറ അഭിപ്രായത്തിൽ പ്രതിനിധാനം ചെയ്യപ്പെടേണ്ടതാണെന്ന് തോന്നുന്ന നാളികേര വ്യവസായത്തോട് ബന്ധപ്പെട്ട മററു താത്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിയമിക്കുന്ന രണ്ട് അംഗങ്ങൾ:

എന്നാൽ (ഛ) യും (ജ)യും ഉപവകുപ്പുകൾക്കുകീഴിൽ ഉള്ള ഓരോ നിയമനവും സംസ്ഥാന സർക്കാരിൻേറയോ ബന്ധപ്പെട്ട യൂണിയൻ ഭരണപ്രദേശത്തിൻേറയോ, അതതു സംഗതിപോലെ, ശുപാർശയിൻമേൽ നടത്തേണ്ടതാകുന്നു.

(5) ബോർഡ്, അതിൻെറ അംഗങ്ങളിൽനിന്ന് ഒരു വൈസ്ചെയർമാനെ തെരഞ്ഞെടുക്കേണ്ടതും അദ്ദേഹം, നിർണ്ണയിക്കപ്പെടുന്നതോ, അദ്ദേഹത്തിന്, ചെയർമാൻ പ്രത്യായോജനം ചെയ്തുകൊടുക്കുന്നതോ ആയ ചെയർമാൻെറ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

(6) അംഗങ്ങളുടെ ഉദ്യോഗകാലാവധി, ബോർഡംഗങ്ങളുടെ ഒഴിവുകൾ നികത്തുന്ന രീതി, കർത്തവ്യങ്ങൾ നിറവേററുന്നതിന് അംഗങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമം എന്നിവ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

(7) ബോർഡിലെ ഒരംഗമല്ലാത്ത ഏതെങ്കിലും ഒരു കേന്ദ്ര സർക്കാരുദ്യോഗസ്ഥനെ ആ സർക്കാർ ബോർഡിൻെറ യോഗങ്ങളിൽ ഹാജരാകാനും അവയുടെ നടപടികളിൽ പങ്കെടുക്കുവാനും നിയോഗിക്കുമ്പോൾ അയാൾക്ക് അതിന് അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുചെയ്യാൻ അവകാശം ഇല്ലാതിരിക്കുന്നതും ആകുന്നു.

(8) ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിന് ബോർഡിന് ആരുടെയെങ്കിലും സഹായമോ ഉപദേശമോ ആവശ്യമുണ്ടെങ്കിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിലും നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കു വിധേയമായും നിർണ്ണയിക്കപ്പെടുന്ന കാര്യങ്ങൾക്കുവേണ്ടിയും, അയാളെ ബോർഡിന് കൂട്ടുചേർക്കാവുന്നതും അങ്ങനെ കൂട്ടുചേർത്ത ഒരാൾക്ക് അയാളെ ഏത് കാര്യങ്ങൾക്ക് വേണ്ടിയാണോ കൂട്ടുചേർത്തത് ആ കാര്യങ്ങൾക്ക് സംഗതമായ ബോർഡിലെ ചർച്ചകളിൽ പങ്കെടുക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുചെയ്യാനുള്ള അവകാശം ഇല്ലാതിരിക്കുന്നതും കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന അലവൻസുകളും ഫീസും വാങ്ങുന്നതിന് അർഹതയുണ്ടായിരിക്കുന്നതും ആകുന്നു.

(9) ബോർഡിൻെറയും 9—ാം വകുപ്പിൻകീഴിൽ അതു നിയമിച്ച ഏതെങ്കിലും കമ്മിററിയുടേയും യാതൊരു പ്രവൃത്തിയും നടപടിയും—

(ക) ബോർഡിലോ ആ കമ്മിററിയിലോ ഉള്ള ഏതെങ്കിലും ഒഴിവോ അവയുടെ രൂപീകരണത്തിലുണ്ടായിട്ടുള്ള ഏതെങ്കിലും ന്യൂനതയോ; അഥവാ

(ഖ) ബോർഡിലോ ആ കമ്മിററിയിലോ അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലുണ്ടായിട്ടുള്ള ഏതെങ്കിലും ന്യൂനതയോ; അഥവാ

(ഗ) കാര്യത്തിൻെറ ഗുണദോഷങ്ങളെ ബാധിക്കാത്ത ബോർഡിൻെറയോ ആ കമ്മിററിയുടെയോ നടപടിയിലുണ്ടായിട്ടുള്ള ഏതെങ്കിലും ക്രമക്കേടോ,

കൊണ്ടുമാത്രം അസാധുവാക്കാവുന്നതല്ല.

(10) ഈ ആക്ററിൻകീഴിൽ ബോർഡ് ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകളിൽ വ്യവസ്ഥചെയ്യുന്ന സമയങ്ങളിലും സ്ഥലങ്ങളിലും ബോർഡ് യോഗം ചേരേണ്ടതും അതിൻെറ യോഗങ്ങളിലെ ബിസിനസ് നടത്തിപ്പിന്, (യോഗങ്ങളിലെ കോറം ഉൾപ്പെടെ) അങ്ങനെ വ്യവസ്ഥ ചെയ്യുന്ന നടപടിക്രമത്തിൻെറ ചട്ടങ്ങൾ പാലിക്കേണ്ടതും ആകുന്നു.

ചെയർമാന്റെ ശമ്പളവും ബത്തയും മററ് സേവന വ്യവസ്ഥകളും അംഗങ്ങളുടെ ബത്തയും.

5. (1) സമയാസമയം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ശമ്പളത്തിനും ബത്തയ്ക്കും ചെയർമാൻ അർഹനായിരിക്കുന്നതും അവധി, പെൻഷൻ, പ്രോവിഡൻറു ഫണ്ട് എന്നിവയേയും മററു കാര്യങ്ങളേയും സംബന്ധിച്ച് അങ്ങനെ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന സേവന വ്യവസ്ഥകൾക്ക് അദ്ദേഹം വിധേയനായിരിക്കുന്നതും ആകുന്നു.

(2) ബോർഡിലെ അംഗങ്ങൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ബത്തകൾ കിട്ടുന്നതാകുന്നു.

അംഗങ്ങളുടെ രാജി.

6. ഔദ്യോഗിക നിലയിൽ അംഗമല്ലാത്ത ഏതൊരംഗത്തിനും കേന്ദ്ര സർക്കാരിന് ലിഖിതമായ നോട്ടീസു നൽകിക്കൊണ്ട് തൻെറ ഉദ്യോഗം രാജിവയ്ക്കാവുന്നതും അപ്രകാരമുള്ള രാജി സ്വീകരിക്കുന്നതോടുകൂടി അയാൾ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടുന്നതും ആകുന്നു.

ബോർഡിലെ ഉദ്യോഗസ്ഥൻമാരും മററു ജീവനക്കാരും.

7. (1) ചെയർമാൻ ബോർഡിൻെറ മുഖ്യ നിർവ്വാഹക ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം നിർണ്ണയിക്കപ്പെടുന്ന അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

(2) നിർണ്ണയിക്കപ്പെടുന്നതോ ചെയർമാൻ പ്രത്യായോജനം ചെയ്തു കൊടുക്കുന്നതോ ആയ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ ഒരു മുഖ്യ നാളികേര വികസന ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്.

(3) (2)—ാം ഉപവകുപ്പിൻപ്രകാരം നിയമിക്കുന്ന മുഖ്യ നാളികേര വികസന ഉദ്യോഗസ്ഥനെ ബോർഡ് മീററിംഗുകളിലും 9—ാം വകുപ്പിൻകീഴിൽ നിയമിക്കുന്ന അതിൻെറ കമ്മിററികളിലും ഹാജരാകുവാനും അതിൻെറ നടപടികളിൽ പങ്കെടുക്കുവാനും അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടു ചെയ്യാൻ അവകാശം ഇല്ലാതിരിക്കുന്നതും ആകുന്നു.

(4) കേന്ദ്ര സർക്കാർ ബോർഡിന് ഒരു കാര്യദർശിയെ നിയമിക്കേണ്ടതും അയാൾ നിർണ്ണയിക്കപ്പെടുന്നതോ ബോർഡോ ചെയർമാനോ അയാൾക്ക് പ്രത്യായോജനം ചെയ്തു കൊടുക്കുന്നതോ ആയ അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

(5) സമയാസമയം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ശമ്പളത്തിനും ബത്തയ്ക്കും മുഖ്യനാളികേര വികസന ഉദ്യോഗസ്ഥനും കാര്യദർശിയും അർഹരായിരിക്കുന്നതും അവധി, പെൻഷൻ, പ്രോവിഡൻറ് ഫണ്ട് എന്നിവയേയും മററു കാര്യങ്ങളേയും സംബന്ധിച്ച് അങ്ങനെ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന സേവന വ്യവസ്ഥകൾക്കു അവർ വിധേയരായിരിക്കുന്നതും ആകുന്നു.

(6) നിർണ്ണയിക്കപ്പെടുന്നതായ നിയന്ത്രണത്തിനും പരിമിതികൾക്കും വിധേയമായി, ബോർഡിന്, അതിൻെറ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ആവശ്യമുള്ളത്ര മററ് ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയമിക്കാവുന്നതും ബോർഡിലെ അങ്ങനെയുള്ള മററ് ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയമിക്കുന്ന രീതി, അവരുടെ സേവന വ്യവസ്ഥകൾ, ശമ്പള സ്കെയിലുകൾ, ബത്തകൾ എന്നിവ ഈ ആക്ററിൻകീഴിൽ ബോർഡ് ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ആയിരിക്കേണ്ടതും ആകുന്നു.

(7) ചെയർമാനും മുഖ്യ നാളികേര വികസന ഉദ്യോഗസ്ഥനും കാര്യദർശിയും ബോർഡിലെ മററ് ഉദ്യോഗസ്ഥൻമാരും ജീവനക്കാരും കേന്ദ്ര സർക്കാരിൻെറ അനുമതിയോടുകൂടിയല്ലാതെ ഈ ആക്ററിൻകീഴിലുള്ള അവരുടെ ചുമതലകളുമായി ബന്ധമില്ലാത്ത യാതൊരു ജോലിയും ഏറെറടുക്കുവാൻ പാടില്ലാത്തതാകുന്നു.

ജീവനക്കാരെ ബോർഡിലേക്ക് സ്ഥലം മാററുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.

8. (1) ബോർഡ് സ്ഥാപിക്കപ്പെടുമ്പോൾ, കേന്ദ്ര സർക്കാർ, ഉത്തരവു മൂലം, ബോർഡ് സ്ഥാപിക്കപ്പെടുന്ന തീയതിക്ക് തൊട്ടുമുൻപ് നാളികേര വികസന ഡയറക്ടറേററിൽ ഉദ്യോഗം വഹിച്ചിരുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനേയോ

മററു ജീവനക്കാരനേയോ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തീയതി അഥവാ തീയതികൾ മുതൽ പ്രഭാവത്തോടുകൂടി ആ നിലയിൽ ബോർഡിലേക്ക് സ്ഥലം മാററുന്നത് നിയമാനുസൃതം ആയിരിക്കുന്നതാണ് :

എന്നാൽ ഏതു തസ്തികയിലേക്കാണോ അങ്ങനെയുള്ള ഉദ്യോഗസ്ഥനേയോ ജീവനക്കാരനേയോ സ്ഥലം മാററുന്നത് ആ തസ്തികയുടെ ശമ്പളസ്കെയിൽ അപ്രകാരം സ്ഥലം മാററുന്നതിന് തൊട്ടു മുൻപ് അയാൾ വഹിച്ചിരുന്ന തസ്തികയുടെ ശമ്പള സ്കെയിലിനേക്കാൾ കുറഞ്ഞിരിക്കാനോ മററു സേവന വ്യവസ്ഥകളും ഉപാധികളും (പെൻഷൻ, അവധി, പ്രോവിഡൻറ് ഫണ്ട്, ചികിൽസാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ) അപ്രകാരം സ്ഥലം മാററുന്നതിനു തൊട്ടു മുൻപ് അയാൾ വഹിച്ചിരുന്ന തസ്തികയെ സംബന്ധിച്ചുള്ള സേവന വ്യവസ്ഥകളേയും ഉപാധികളേയും അപേക്ഷിച്ച് പ്രതികൂലമായിരിക്കാൻ പാടില്ലാത്തതാകുന്നു :

എന്നുമാത്രമല്ല, അപ്രകാരമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ അയാളുടെ സ്ഥലംമാററത്തിന് തൊട്ടുമുൻപ് ഒരു അവധി ഒഴിവിലോ അല്ലെങ്കിൽ വിനിർദ്ദേശിക്കപ്പെടുന്ന കാലത്തേക്കുള്ള ഏതെങ്കിലും ഒഴിവിലോ കേന്ദ്ര സർക്കാരിൻെറ കീഴിലുള്ള ഒരു ഉയർന്ന തസ്തികയിൽ തൽക്കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നുവെങ്കിൽ അങ്ങനെയുള്ള സ്ഥലംമാററത്തിൻമേൽ, അയാൾക്ക് ഏതെങ്കിലും ശമ്പളവും മററു ബത്തകളും ഉണ്ടെങ്കിൽ അതിന് ഒഴിവിൻെറ കാലാവധിയിൽ ബാക്കിയുള്ള കാലത്തേക്ക് സംരക്ഷണം കൊടുക്കേണ്ടതും അതിനുശേഷം അയാളെ തിരിച്ച് അയക്കാവുന്നതായ, കേന്ദ്ര സർക്കാരിൻെറ കീഴിലുള്ള തസ്തികയ്ക്ക് ബാധകമായ ശമ്പള സ്കെയിലിന് അയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ്, കേന്ദ്ര സർക്കാർ ഈ കാര്യത്തിന് വിനിർദ്ദേശിക്കുന്നതായ സമയത്തിനകത്തും നിർണ്ണയിക്കപ്പെടുന്നതായ ഫാറത്തിലും, നാളികേരവികസന ഡയറക്ടറേററിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ബോർഡിലെ ജീവനക്കാരനായിത്തീരുന്നതു സമ്മതമാണോ അല്ലയോ എന്ന് വ്യക്തമാക്കുന്നതിന് ഒരു ഐച്ഛികാവകാശം നൽകപ്പെടേണ്ടതും അപ്രകാരം ഒരിക്കൽ നടത്തിയ ഇച്ഛാപ്രകടനം അന്തിമമായിരിക്കുന്നതും ആകുന്നു:

എന്നാൽ ഈ കാര്യത്തിന് വിനിർദ്ദേശിക്കപ്പെട്ട സമയത്തിനകത്ത് ബോർഡിൽ ഒരു ജീവനക്കാരൻ ആകാതിരിക്കുന്നതിനുള്ള അയാളുടെ ഉദ്ദേശം അറിയിച്ചിട്ടുണ്ടെങ്കിൽ, നാളികേര വികസന ഡയറക്ടറേററിലെ ഏതെങ്കിലും ജീവനക്കാരനേയോ ഉദ്യോഗസ്ഥനേയോ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു:

എന്നു മാത്രമല്ല, മേൽപ്പറഞ്ഞ ഡയറക്ടറേററിൽ കേന്ദ്ര സർക്കാർ നിയോഗിച്ചവർ ബോർഡിലെ ജീവനക്കാരാകുന്നതിനുള്ള അവരുടെ ഉദ്ദേശം ഈ കാര്യത്തിന് വിനിർദ്ദേശിക്കപ്പെട്ട സമയത്തിനകത്ത് വ്യക്തമാക്കുന്നില്ലെങ്കിൽ അവരെ നിയോഗിച്ചിട്ടുള്ള ഡിപ്പാർട്ടുമെൻറിൻെറ സംഖ്യാബലത്തിന് കുറവു വരുമ്പോൾ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ബാധകമാകുന്ന അതേ ചട്ടങ്ങൾ അനുസരിച്ചും അതേ രീതിയിലും അവരോട് പെരുമാറേണ്ടതും ആകുന്നു.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവുകൊണ്ട് സ്ഥലംമാററിയ ഒരുദ്യോഗസ്ഥനോ മററ് ജീവനക്കാരനോ സ്ഥലംമാററിയ തീയതി മുതൽ, ആ തീയതി ഉൾപ്പെടെ, കേന്ദ്ര സർക്കാരിൻെറ ഒരു ജീവനക്കാരനല്ലാതായിത്തീരുന്നതും ബോർഡ് നിശ്ചയിക്കുന്ന ഉദ്യോഗപ്പേരോടുകൂടി ബോർഡിലെ ഒരു ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ ആയിത്തീരുന്നതും (1)-ാം ഉപവകുപ്പിലെ ഒന്നും രണ്ടും പരിമിതി വ്യവസ്ഥകൾക്ക് വിധേയമായി വേതനത്തേയും മററു സേവന വ്യവസ്ഥകളേയും (പെൻഷൻ, അവധി, പ്രോവിഡൻറ് ഫണ്ട്, ചികിൽസാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ) സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ ബോർഡ് ഉണ്ടാക്കിയ റഗുലേഷനുകളാൽ അയാൾ അനുശാസിക്കപ്പെടുന്നതും അയാളുടെ നിയമനം ബോർഡ് യഥാവിധി അവസാനിപ്പിക്കാത്തപക്ഷവും അവസാനിപ്പിക്കുന്നതുവരെയും ബോർഡിലെ ഒരു ആഫീസറോ മററു ജീവനക്കാരനോ ആയി അയാൾ തുടരുന്നതും ആകുന്നു:

എന്നാൽ ബോർഡ് അതിൻെറ ഉദ്യോഗസ്ഥൻമാരുടേയും മററു ജീവനക്കാരുടേയും സേവന വ്യവസ്ഥകൾ അനുശാസിച്ചുകൊണ്ട് മേൽ പരാമർശിച്ച റഗുലേഷനുകൾ തയ്യാറാക്കുന്നതുവരെ കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള പ്രസക്തമായ ചട്ടങ്ങളും ഉത്തരവുകളും അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർക്കും മററ് ജീവനക്കാർക്കും ബാധകമായി തുടരുന്നതാകുന്നു.

(4) വേതനം, പെൻഷൻ, അവധി, പ്രോവിഡൻറ് ഫണ്ട്, മററു ചികിൽസാനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡ് തയ്യാറാക്കിയ റഗുലേഷനുകളിൽ നിർണ്ണയിക്കുന്ന സേവനവ്യവസ്ഥകളും ഉപാധികളും ഒരു ഉദ്യോഗസ്ഥനോ മററു ജീവനക്കാരനോ അയാളെ ബോർഡിലേക്ക് സ്ഥലം മാററുന്നതിന് തൊട്ടുമുൻപ് വഹിച്ചിരുന്ന തസ്തികയോട് ബന്ധപ്പെട്ട സേവന വ്യവസ്ഥകളേയും ഉപാധികളേയും അപേക്ഷിച്ച് പ്രതികൂലമാണോ എന്ന് ഒരു പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ ആ കാര്യത്തിലുള്ള കേന്ദ്ര സർക്കാരിൻെറ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

**ബോർഡിലെ കമ്മിററികൾ.**

9. (1) ബോർഡിന് ഈ ആക്ററിൻകീഴിൽ കാര്യക്ഷമമായി അതിൻെറ ചുമതലകൾ നിർവ്വഹിക്കുന്നതിനും ജോലികൾ ചെയ്തുതീർക്കുന്നതിനും ആവശ്യമായ കമ്മിററികളെ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള ഏതെങ്കിലും കമ്മിററിയിലെ അംഗങ്ങളായി ബോർഡിന് യുക്തമെന്ന് തോന്നുന്നത്ര ബോർഡിലെ അംഗങ്ങളല്ലാത്ത ആളുകളെ അംഗങ്ങളായി ചേർക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെ അംഗങ്ങളായി ചേർത്ത ആളുകൾക്ക് കമ്മിററിയുടെ യോഗങ്ങളിൽ ഹാജരാകാനും നടപടികളിൽ പങ്കെടുക്കാനും അവകാശം ഉണ്ടായിരിക്കുന്നതും എന്നാൽ വോട്ടുചെയ്യാൻ അവകാശം ഇല്ലാതിരിക്കുന്നതും ആകുന്നു.

(3) (2)—ാം ഉപവകുപ്പിൻകീഴിൽ ഒരു കമ്മിററിയിലെ അംഗങ്ങളായി ചേർത്ത ആളുകൾക്ക് കമ്മിററിയുടെ യോഗങ്ങളിൽ ഹാജരാകുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന ബത്തകളോ ഫീസ്സോ വാങ്ങുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

**ബോർഡിൻെറ ചുമതലകൾ.**

10. (1) കേന്ദ്ര സർക്കാരിൻെറ നിയന്ത്രണത്തിൻകീഴിൽ, ബോർഡിന് യുക്തമെന്ന് തോന്നുന്ന നടപടികൾ വഴി, നാളികേര വ്യവസായത്തിൻെറ വികസനം പ്രോൽസാഹിപ്പിക്കുന്നത് ബോർഡിൻെറ കർത്തവ്യം ആകുന്നു.

(2) (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം വരാത്തവിധം അതിൽ പരാമർശിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്ന കാര്യങ്ങൾക്ക് ഏർപ്പാടുചെയ്യാവുന്നതാണ്:

(ക) കർഷകർ, പ്രത്യേകിച്ച് ചെറുകിട കർഷകർ, നാളികേര വ്യവസായത്തിൻെറ വികസനത്തിൻെറയും വളർച്ചയുടെയും ഗുണഭോക്താക്കളും പങ്കാളികളും ആയിത്തീരത്തക്കവണ്ണം നാളികേര വ്യവസായത്തിൻെറ വികസനത്തിനുവേണ്ട നടപടികൾ എടുക്കുക;

(ഖ) ഭാരതത്തിനകത്ത് നാളികേരത്തിൻെറയും അതിൻെറ ഉൽപന്നങ്ങളുടേയും വിപണനം അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ശുപാർശ ചെയ്യുക;

(ഗ) തെങ്ങ് കൃഷി ചെയ്യുന്നതിലും നാളികേരത്തിൻെറയും അതിൻെറ ഉൽപ്പന്നങ്ങളുടേയും സംസ്ക്കരണത്തിലും വിപണനത്തിലും ഏർപ്പെട്ടിട്ടുള്ള ഏതൊരാൾക്കും സാങ്കേതികമായ ഉപദേശം കൊടുക്കുക;

(ഘ) നാളികേര വ്യവസായത്തിൻെറ വളർച്ച മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി അത്യുൽപാദനശേഷിയുള്ള സങ്കരജാതി തെങ്ങുകൾ വികസിപ്പിച്ചെടുക്കുന്നതിനും തെങ്ങുകൃഷിക്ക് മെച്ചപ്പെട്ട കൃഷിസമ്പ്രദായവും നാളികേര സംസ്ക്കരണം സംബന്ധിച്ച ആധുനിക സാങ്കേതികജ്ഞാനവും സ്വീകരിക്കുന്നതിനും തെങ്ങുകൃഷി (വീണ്ടും നടൽ ഉൾപ്പെടെ) കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായമോ മററു വിധത്തിലുള്ള സഹായമോ നൽകുക;

(ങ) ആവശ്യമുള്ളപ്പോഴെല്ലാം നാളികേരത്തിൻെറയും അതിൻെറ ഉൽപന്നങ്ങളുടേയും ഏററവും കൂടിയതും ഏററവും കുറഞ്ഞതുമായ വില ശുപാർശ ചെയ്യുന്നതു ഉൾപ്പെടെ നാളികേര ഉൽപാദകർക്ക് പ്രോൽസാഹക വില കിട്ടുന്നതിന് അവരെ സഹായിക്കുന്നതിനുവേണ്ടി ആവുന്നത്ര പ്രായോഗിക നടപടികൾ സ്വീകരിക്കുക;

(ച) നാളികേരത്തിൻെറയും അതിൻെറ ഉൽപന്നങ്ങളുടേയും ഇറക്കുമതിയും കയററുമതിയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശുപാർശചെയ്യുക;

(ഛ) നാളികേര ഉൽപാദകർ, നാളികേരവ്യാപാരികൾ, നാളികേരോൽപന്ന നിർമ്മാതാക്കൾ എന്നിവരിൽനിന്നും, നിർണ്ണയിക്കപ്പെടുന്ന മററു ആളുകളിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും, നാളികേര വ്യവസായത്തെ സംബന്ധിക്കുന്ന ഏത് സംഗതിയിൻമേലും സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും അപ്രകാരം ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളോ അതിലെ ഭാഗങ്ങളോ അതിൽനിന്നുള്ള ഉദ്ധരണങ്ങളോ പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(ജ) നാളികേരത്തിനും അതിൻെറ ഉൽപന്നങ്ങൾക്കും തരം, വിനിർദ്ദിഷ്ടവിവരങ്ങൾ, ഗുണനിലവാരം എന്നിവ നിശ്ചയിക്കുക;

(ഝ) നാളികേരത്തിൻെറ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അതിൻെറ ഗുണവും വിളവും മെച്ചപ്പെടുത്തുന്നതിനുംവേണ്ടി തെങ്ങ് വ്യാപകമായി കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ സർക്കാരുകൾ കേന്ദ്ര സർക്കാരുമായി ആലോചിച്ചു അനുയോജ്യമായ പദ്ധതികൾക്ക് സാമ്പത്തിക സഹായം ചെയ്തു കൊടുക്കുക; അതിനുവേണ്ടി തെങ്ങുകൃഷി ചെയ്യുന്നവർക്കും നാളികേര ഉൽപന്നങ്ങൾ നിർമ്മിക്കുന്നവർക്കും സമ്മാനം കൊടുക്കാനോ പ്രോൽസാഹനം നൽകാനോ ഉള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നാളികേരത്തിനും അതിൻെറ ഉൽപന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക;

(ഞ) ലഭ്യമായ സ്ഥാപനങ്ങൾവഴി ബോർഡിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ, നാളികേരത്തേയും അതിൻെറ ഉൽപന്നങ്ങളേയും സംബന്ധിച്ച് കാർഷികവും സാങ്കേതികവും വ്യാവസായികവും സാമ്പത്തികവും ആയ ഗവേഷണത്തെ സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ഊർജ്ജിതപ്പെടുത്തുകയും അതിന് പണം മുടക്കുകയും ചെയ്യുക;

(ട) ആവശ്യമനുസരിച്ച്, നാളികേരത്തേയും അതിൻെറ ഉൽപന്നങ്ങളേയും സംബന്ധിച്ച ഗവേഷണത്തേയും അവയുടെ വികസനത്തേയും പററി ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ലഘുവിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഏറെറടുക്കുക;

(ഠ) ബോർഡിൻെറ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ലക്ഷ്യങ്ങൾ നേടുന്നതിനും തെങ്ങുകൃഷിചെയ്യുന്ന സംസ്ഥാനങ്ങളിലും യൂണിയൻപ്രദേശങ്ങളിലും നാളികേരത്തിൻെറയും അതിൻെറ ഉൽപന്നങ്ങളുടേയും ഉൽപാദനത്തിൻെറയും തരം തിരിക്കലിൻെറയും വിപണനത്തിൻെറയും അഭിവൃദ്ധിക്കും വികസനത്തിനുംവേണ്ടി പ്രാദേശിക ആഫീസുകളും മററു ഏജൻസികളും സ്ഥാപിക്കുക;

(ഡ) തെങ്ങു വ്യാപകമായി കൃഷിചെയ്യുന്ന സംസ്ഥാനങ്ങളിലെ സർക്കാരുകളുമായി ആലോചിച്ച്, ഈ ആക്ററിൻെറ ഉദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട്, കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മററു നടപടികൾ സ്വീകരിക്കുക;

(3) ഈ വകുപ്പിൻകീഴിലുള്ള ചുമതലകരം, കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങരം അനുസരിച്ചും അവയ്ക്കു വിധേയമായും, ബോർഡ് നിർവ്വഹിക്കേണ്ട താണ്.

ബോർഡ് പിരിച്ചു വിടൽ.

11. (1) കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസററിൽവിജ്ഞാപനംവഴി, ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കപ്പെടേണ്ടതായ കാരണങ്ങരംക്കും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതിമുതലും അങ്ങനെയുള്ള കാലത്തേക്കും, ബോർഡ് പിരിച്ചു വിടാവുന്നതാണ്:

എന്നാൽ അപ്രകാരമുള്ള ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ്, നിർദ്ദിഷ്ടമായ പിരിച്ചു വിടലിനെതിരായി നിവേദനങ്ങരം കൊടുക്കുന്നതിന് ബോർഡിന് ന്യായമായ ഒരവസരം നൽകേണ്ടതും നിവേദനങ്ങരം, ഏതെങ്കിലും ഉണ്ടെങ്കിൽ, പരിഗണിക്കേണ്ടതും ആകുന്നു.

(2) (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകളിൻ കീഴിൽ ബോർഡ് പിരിച്ചുവിടുമ്പോരം,—

(ക) എല്ലാ അംഗങ്ങളും, അവരുടെ ഔദ്യോഗിക കാലാവധി തീർന്നിട്ടില്ലെങ്കിൽപോലും, പിരിച്ചുവിടുന്ന തീയതിമുതൽ അംഗങ്ങരം എന്നനിലയിലുള്ള അവരുടെ സ്ഥാനങ്ങരം ഒഴിയേണ്ടതും;

(ഖ) പിരിച്ചുവിട്ടിരിക്കുന്ന കാലത്ത് ഈ കാര്യത്തിനുവേണ്ടി കേന്ദ്ര സർക്കാർ നിയമിക്കുന്ന ആളോ ആളുകളോ ബോർഡിൻെറ എല്ലാ അധികാരങ്ങളും പ്രയോഗിക്കേണ്ടതും ചുമതലകരം നിർവ്വഹിക്കേണ്ടതും, അവരുടെ വേതനം നിർണ്ണയിക്കുന്നത്ര ആയിരിക്കുന്നതും;

(ഗ) പിരിച്ചുവിട്ടിരിക്കുന്ന കാലത്ത് ബോർഡിൽ നിക്ഷിപ്തമായിരുന്ന എല്ലാ ഫണ്ടുകളും മററു വസ്തുക്കളും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും;

(ഘ) പിരിച്ചു വിട്ടിരിക്കുന്ന കാലം അവസാനിക്കുന്ന ഉടൻ ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് ബോർഡ് പുന:സംഘടിപ്പിക്കേണ്ടതും,

ആകുന്നു.

## അദ്ധ്യായം III

### ധനകാര്യവും കണക്കുകളും ആഡിററും

കേന്ദ്രസർക്കാരിൽ നിന്ന് സഹായധനവും വായ്പകളും.

12. ഇതിലേക്ക് പാർലമെൻറ് ശരിയായ ധനവിനിയോഗം നിയമം വഴി നടത്തിയതിനുശേഷം, കേന്ദ്ര സർക്കാരിന് ഈ ആക്ററിലെ ആവശ്യങ്ങരംക്ക് ഉപയോഗിക്കുന്നതിന് യുക്തമെന്ന് തോന്നുന്നത്ര തുകകരം സഹായധനമായോ വായ്പകളായോ ബോർഡിന് നൽകാവുന്നതാണ്.

നാളികേരവികസന ഫണ്ടിൻെറ സ്ഥാപനം.

13. (1) നാളികേരവികസന ഫണ്ട് എന്നു വിളിക്കപ്പെടുന്ന ഒരുഫണ്ട് രൂപീകരിക്കേണ്ടതും അതിലേക്ക് താഴെ പറയുന്ന തുകകരം വരവുവയ്ക്കേണ്ടതും ആണ്, അതായത്:—

1979-ലെ 4

(ക) കൊപ്രാസെസ് ആക്ററ്, 1979—ലെ 4—ാം വകുപ്പുപ്രകാരം വരവുവച്ചിട്ടുള്ള സെസ്സിൽ നിന്നു കിട്ടിയ തുകയിൽനിന്ന്, സെസ്സ് പിരിച്ചെടുക്കുന്നതിനുള്ള ചെലവുകളും ഏതെങ്കിലും പണം റീഫണ്ട് ചെയ്തിട്ടുണ്ടെങ്കിൽ അതും കുറവുചെയ്തശേഷം, ആ തുകയിൽ നിന്ന് ഇതിലേക്ക് പാർലമെൻറ് ശരിയായ ധനവിനിയോഗം നിയമം വഴി നടത്തിയതിനുശേഷം കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും തുക;

(ഖ) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഏതെങ്കിലും സഹായധനവും വായ്പകളും;

(ഗ) 14—ാം വകുപ്പിൻകീഴിലുള്ള വായ്പകൾ ഉൾപ്പെടെ ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് ഏതെങ്കിലും ആൾ കൊടുക്കുന്ന ഏതെങ്കിലും സഹായധനവും വായ്പകളും;

(ഘ) സംസ്ഥാന സർക്കാർ, സന്നദ്ധ സംഘടനകൾ, മററ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ലഭിക്കുന്ന ഏതെങ്കിലും സഹായധനവും സംഭാവനകളും:

എന്നാൽ അങ്ങനെയുള്ള സഹായധനവും വായ്പകളും സംഭാവനകളും കേന്ദ്രസർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതികൂടാതെ ഫണ്ടിലേക്ക് വരവു വയ്ക്കാൻ പാടില്ലാത്തതാകുന്നു.

(2) ഈ ഫണ്ട്—

(ക) 10—ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള നടപടികളുടെ ചെലവ് വഹിക്കുന്നതിനുവേണ്ടിയും;

(ഖ) ബോർഡിൻെറ അംഗങ്ങളുടേയും ഉദ്യോഗസ്ഥൻമാരുടേയും മററ് ജീവനക്കാരുടേയും, അതതു സംഗതിപോലെ, ശമ്പളവും, ബത്തകളും മററു വേതനങ്ങളും നൽകുന്നതിനുവേണ്ടിയും;

(ഗ) ബോർഡിൻെറ ഭരണ നിർവഹണത്തിനുള്ള മററു ചെലവുകളും ഈ ആക്ററിനാലോ ആക്ററിൻകീഴിലോ അധികാരപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും ചെലവുകളും വഹിക്കുന്നതിനുവേണ്ടിയും;

(ഘ) ഏതെങ്കിലും വായ്പകൾ തിരിച്ചടയ്ക്കുന്നതിനുവേണ്ടിയും, വിനിയോഗിക്കേണ്ടതാണ്.

14. (1) ബോർഡിന്, ഈ ആക്ററുപ്രകാരമുള്ള അതിൻെറ ചുമതലകൾ നിർവഹിക്കുന്ന ആവശ്യത്തിലേക്ക് കേന്ദ്രസർക്കാരിൻെറ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും നിദേശങ്ങൾക്ക് വിധേയമായും— ബോർഡിൻെറ കടമെടുപ്പിനുള്ള അധികാരം.

(ക) പൊതുജനങ്ങളിൽനിന്ന് ബോണ്ടുകളോ ഋണപത്രങ്ങളോ അല്ലെങ്കിൽ രണ്ടുംകൂടിയോ, അവയിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള പലിശയോടുകൂടി, പുറപ്പെടുവിച്ചോ വിൽപന നടത്തിയോ;

(ഖ) ഏതെങ്കിലും ബാങ്കിൽനിന്നും മററു സ്ഥാപനങ്ങളിൽനിന്നും;

(ഗ) ഈ കാര്യത്തിന് കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മറേറതെങ്കിലും അധികാരസ്ഥാനം, സംഘടന, സ്ഥാപനം എന്നിവയിൽനിന്നും;
പണം കടം എടുക്കാവുന്നതാണ്.

(2) (1)—ാം ഉപവകുപ്പിൻകീഴിൽ ബോർഡ് കടമെടുത്ത പണം മടക്കി കൊടുക്കുന്നതിനും അതിൻമേലുള്ള പലിശയ്ക്കും മററു ആനുഷംഗികമായ ചാർജ്ജുകൾക്കും കേന്ദ്രസർക്കാരിന് ഗാരൻറി ചെയ്യാവുന്നതാണ്.

15. (1) ശരിയായ കണക്കുകളും പ്രസക്തമായ മററു റിക്കാർഡുകളും ബോർഡ് വച്ചുപോരേണ്ടതും, ഇൻഡ്യയുടെ കൺട്രോളർ—ആഡിററർ ജനറലുമായി ആലോചിച്ച് കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക വിവരണപത്രിക അത് തയ്യാറാക്കേണ്ടതും ആകുന്നു. കണക്കുകളും ആഡിററും.

(2) ഇൻഡ്യയുടെ കൺട്രോളർ—ആഡിററർ ജനറൽ വിനിർദ്ദേശിക്കുന്ന ഇടവേളകളിൽ ബോർഡിൻെറ കണക്കുകൾ ആഡിററ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിററ് സംബന്ധിച്ചുണ്ടാകുന്ന ഏത് ചെലവും കൺട്രോളർ-ആഡിററർ ജനറലിന് ബോർഡ് നൽകേണ്ടതും ആകുന്നു.

(3) ഇൻഡ്യയുടെ കൺട്രോളർ—ആഡിററർ ജനറലിനും ബോർഡിൻെറ കണക്കുകൾ ആഡിററ് ചെയ്യുന്നത് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതാൾക്കും ആ ആഡിററിനെ സംബന്ധിച്ച് കൺട്രോളർ—ആഡിററർ ജനറലിന് സർക്കാർ കണക്കുകളുടെ ആഡിററ് സംബന്ധിച്ച് സാമാന്യമായുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ച് ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മററു പ്രമാണങ്ങളും രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടാനും, ബോർഡിൻെറ ഏത് ആഫീസും പരിശോധിക്കാനും അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു.

(4) ഇൻഡ്യയുടെ കൺട്രോളർ—ആഡിററർ ജനറലോ അദ്ദേഹം ഈ കാര്യത്തിന് നിയമിച്ച മറേറതെങ്കിലും ആളോ സർട്ടിഫൈ ചെയ്തപ്രകാരമുള്ള ബോർഡിൻെറ കണക്കുകൾ അതിൻമേലുള്ള ആഡിററ് റിപ്പോർട്ട് സഹിതം വർഷം തോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ പാർലമെൻറിൻെറ ഓരോ സഭയുടേയും മുൻപാകെ അത് വയ്ക്കാൻ ഇടയാക്കേണ്ടതും ആകുന്നു.

## അദ്ധ്യായം IV

### കേന്ദ്രസർക്കാരിൻെറ നിയന്ത്രണം

കേന്ദ്രസർക്കാരിൻെറ നിർദേശങ്ങൾ.

16. ഈ ആക്ററിൻെറ കാര്യക്ഷമമായ നിർവ്വഹണത്തിന് കേന്ദ്ര സർക്കാർ അപ്പോഴപ്പോൾ ബോർഡിന് നല്കുന്ന നിർദേശങ്ങൾ അത് നടപ്പിലാക്കേണ്ടതാണ്.

റിട്ടേണുകളും റിപ്പോർട്ടുകളും.

17. (1) നാളികേര വ്യവസായത്തിൻെറ അഭിവൃദ്ധിക്കും വികസനത്തിനും വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതോ നിലവിലുള്ളതോ ആയ ഏതെങ്കിലും പദ്ധതിയെ സംബന്ധിച്ച് കേന്ദ്രസർക്കാർ അപ്പോഴപ്പോൾ ആവശ്യപ്പെടുന്ന റിട്ടേണുകളും സ്ററേററുമെൻറുകളും വിവരങ്ങളും, നിർണ്ണയിക്കപ്പെടുന്നതോ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നതോ ആയ ഫാറത്തിലും രീതിയിലും സമയത്തും, ബോർഡ് കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്.

(2) കേന്ദ്രസർക്കാരിൻെറ അറിവിനുവേണ്ടിയും ഏതെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ അതിനുവേണ്ടിയും ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള അതിൻെറ പ്രവർത്തനങ്ങളുടെ ഒരു പരിപാടി ബോർഡ് കേന്ദ്ര സർക്കാരിന് നൽകേണ്ടതാണ്.

(3) (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം ഓരോ സാമ്പത്തിക വർഷവും അവസാനിച്ചതിനുശേഷം കഴിയുന്നത്ര വേഗത്തിൽ മുൻ സാമ്പത്തിക വർഷത്തിലെ ബോർഡിൻെറ പ്രവർത്തനങ്ങളുടേയും നയപരിപാടികളുടേയും ശരിയായതും പൂർണ്ണമായതുമായ വിവരണം നൽകിക്കൊണ്ട് നിർണ്ണയിക്കപ്പെടുന്ന രീതിയിലും അപ്രകാരമുള്ള തീയതിക്ക് മുൻപും ഒരു റിപ്പോർട്ട് അത് കേന്ദ്രസർക്കാരിന് നൽകേണ്ടതാണ്.

(4) (3)—ാം ഉപവകുപ്പിൻകീഴിൽ ലഭിച്ച റിപ്പോർട്ടിൻെറ പകർപ്പ് റിപ്പോർട്ട് കിട്ടിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ പാർലമെൻറിൻെറ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം V

### പലവക

ഉത്തമവിശ്വാസത്തോടുകൂടി എടുത്ത നടപടിക്ക് സംരക്ഷണം.

18. ഈ ആക്ററോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടമോ അനുസരിച്ച് കേന്ദ്രസർക്കാരോ ബോർഡോ അത് നിയമിച്ച ഏതെങ്കിലും കമ്മിററിയോ, ബോർഡിലേയോ അങ്ങനെയുള്ള കമ്മിററിയിലേയോ ഏതെങ്കിലും മെമ്പറോ, കേന്ദ്രസർക്കാരിലേയോ ബോർഡിലേയോ ഏതെങ്കിലും ആഫീസറോ മററു ജീവനക്കാരനോ, കേന്ദ്രസർക്കാരോ ബോർഡോ അധികാരപ്പെടുത്തിയിരുന്ന മറേറതെങ്കിലും ആളോ, ഉത്തമവിശ്വാസത്തോടുകൂടി നടത്തിയതോ നടത്താനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിൻമേൽ അവർക്കെതിരെ യാതൊരു വ്യവഹാരവും പ്രോസിക്യൂഷനും മററു നിയമ നടപടിയും നിലനില്ക്കുന്നതല്ലാത്തതാകുന്നു.

19. (1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിലെ വ്യവസ്ഥകഠം നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങഠം ഉണ്ടാക്കാവുന്നതാണ്. ചട്ടങ്ങഠം ഉണ്ടാക്കാനുള്ള അധികാരം.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിൻെറ സാമാന്യതക്ക് ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപറയുന്ന ഏത് കാര്യത്തിനും അഥവാ എല്ലാ കാര്യങ്ങഠംക്കും വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4—ാം വകുപ്പ് (5)—ാം ഉപവകുപ്പിൻകീഴിൽ ബോർഡിൻെറ വൈസ് ചെയർമാൻ പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ഖ) 4—ാം വകുപ്പ് (6)—ാം ഉപവകുപ്പിൻകീഴിൽ അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും അംഗങ്ങളുടെ ഇടയിലുള്ള ഒഴിവുകഠം നികത്തേണ്ട വിധവും അംഗങ്ങഠം അവരുടെ ചുമതലകഠം നിർവ്വഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമവും;

(ഗ) 4—ാം വകുപ്പ് (8)—ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആളെ ബോർഡുമായി സഹകരിപ്പിക്കാവുന്ന രീതിയും സഹകരിപ്പിക്കാവുന്ന കാര്യങ്ങളും;

(ഘ) 7—ാം വകുപ്പ് (1)—ാം ഉപവകുപ്പിൻകീഴിൽ ബോർഡിൻെറ മുഖ്യ നിർവ്വാഹക ഉദ്യോഗസ്ഥനെന്ന നിലയിൽ ചെയർമാൻ പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ങ) 7—ാം വകുപ്പ് (2)—ാം ഉപവകുപ്പിൻകീഴിൽ ബോർഡിൻെറ മുഖ്യ നാളികേര വികസന ഉദ്യോഗസ്ഥൻ പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ച) 7—ാം വകുപ്പ് (4)—ാം ഉപവകുപ്പിൻകീഴിൽ ബോർഡിൻെറ കാര്യദർശി പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ഛ) 7—ാം വകുപ്പ് (6)—ാം ഉപവകുപ്പിൻ കീഴിൽ ഉദ്യോഗസ്ഥൻമാരേയും മററു ജീവനക്കാരേയും ബോർഡ് നിയമിക്കേണ്ടത് ഏതെല്ലാം നിയന്ത്രണത്തിനും പരിമിതികഠംക്കും വിധേയമായിട്ടാണോ അവ;

(ജ) 8—ാം വകുപ്പ് (2)—ാം ഉപവകുപ്പിൻകീഴിൽ നാളികേര വികസന ഡയറക്ടറേററിലെ ഉദ്യോഗസ്ഥൻമാരും മററു ജീവനക്കാരും ഇച്ഛാപ്രകടനം നടത്തേണ്ട ഫാറം;

(ഝ) 10—ാം വകുപ്പ് (2)—ാം ഉപവകുപ്പ് (ഛ) ഖണ്ഡത്തിൻകീഴിൽ നാളികേര വ്യവസായവുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിനെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകഠം ശേഖരിക്കൽ;

(ഞ) 10—ാം വകുപ്പ് (2)—ാം ഉപവകുപ്പ് (ഡ) ഖണ്ഡത്തിൻകീഴിൽ ബോർഡിന് അതിൻെറ ചുമതലകഠം നിർവ്വഹിക്കുന്നതിന് നടപടികഠം എടുക്കാവുന്ന കാര്യങ്ങഠം;

(ട) 11—ാം വകുപ്പ് (2)—ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ആളിനോ ആളുകഠംക്കോ കൊടുക്കേണ്ട വേതനവും മററു ബത്തകളും;

(ഠ) 15—ാം വകുപ്പ് (1)—ാം ഉപവകുപ്പിൻകീഴിൽ ബോർഡിൻെറ കണക്കുകഠം വച്ചു പോരേണ്ട ഫാറം;

(ഡ) 17—ാം വകുപ്പ് (1)—ാം ഉപവകുപ്പിൻകീഴിൽ കേന്ദ്രസർക്കാരിന് ബോർഡ് റിട്ടേണുകളും റിപ്പോർട്ടുകളും നൽകേണ്ട ഫാറവും രീതിയും സമയവും;

(ഢ) 17–ാം വകുപ്പ് (3)–ാം ഉപവകുപ്പിൻകീഴിൽ കേന്ദ്രസർക്കാരിന് ബോർഡ് അതിന്റെ പ്രവർത്തനങ്ങളുടേയും പരിപാടികളുടേയും റിപ്പോർട്ട് നൽകേണ്ടത് ഏത് ഫാറത്തിലും ഏതു തീയതിക്ക് മുൻപും ആണോ ആ ഫാറവും തീയതിയും;

(ണ) ഈ ആക്ററിൻ കീഴിലുള്ള ചട്ടങ്ങൾപ്രകാരം നിർണ്ണയിക്കപ്പെടേണ്ടതും നിർണ്ണയിക്കാവുന്നതും ആയ മറേറതെങ്കിലും കാര്യം.

റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.

20. (1) ബോർഡിന്, കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി ആവശ്യമോ സമീചീനമോ ആയ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതായ എല്ലാ വിഷയങ്ങൾക്കും ഈ ആക്ററിനും ആക്ററു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾക്കും അസംഗതമല്ലാത്ത റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിലും, പ്രസ്തുത റഗുലേഷനുകളിൽ താഴെ പറയുന്ന ഏത് കാര്യത്തിനും അഥവാ എല്ലാ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്: —

(ക) 4–ാം വകുപ്പ് (10)–ാം ഉപവകുപ്പിൻ കീഴിൽ ബോർഡിന്േറയോ അതിന്റെ ഏതെങ്കിലും കമ്മിററിയുടേയോ യോഗങ്ങൾ നടത്തേണ്ട സമയങ്ങളും സ്ഥലങ്ങളും, അതിൽ അനുവർത്തിക്കേണ്ടതായ നടപടിക്രമവും, ഒരു യോഗത്തിന് കോറം ഉണ്ടാകുന്നതിന് വേണ്ട അംഗങ്ങളുടെ എണ്ണവും;

(ഖ) 7–ാം വകുപ്പ് (6)–ാം ഉപവകുപ്പിൻകീഴിൽ ബോർഡിലെ ഉദ്യോഗസ്ഥൻമാരും മററു ജീവനക്കാരും ആയ ഏതൊരാളെയും നിയമിക്കുന്ന രീതിയും അവരുടെ സേവന വ്യവസ്ഥകളും ശമ്പളസ്കെയിലുകളും ബത്തകളും;

(ഗ) സാമാന്യേന ബോർഡിലെ കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടവ.

(3) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അത് അനുമതി നൽകിയ ഏതു റഗുലേഷനും വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും അപ്രകാരം വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്ത റഗുലേഷന്, അതതു സംഗതിപോലെ, വ്യത്യാസപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുംആകുന്നു; എന്നാൽ അങ്ങനെയുള്ള ഏത് വ്യത്യാസപ്പെടുത്തലും റദ്ദാക്കലും അങ്ങനെയുള്ള വ്യത്യാസപ്പെടുത്തലിനോ റദ്ദാക്കലിനോ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിൽ ആയിരിക്കുന്നതാണ്.

ചട്ടങ്ങളും റഗുലേഷനുകളും പാർലമെൻറ് മുൻപാകെ വയ്ക്കണമെന്ന്.

21. ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും ഏതൊരു റഗുലേഷനും, അതുണ്ടാക്കിയശേഷം ആകാവുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിൽ കൂടുതൽ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചത് ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനങ്ങളോ അവസാനിക്കുന്നതിനുമുൻപ്, ഇരു സഭകളും ആ ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം, ആ ചട്ടത്തിനും റഗുലേഷനും, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏത് രൂപഭേദപ്പെടുത്തലും പ്രഭാവ ശൂന്യമാക്കലും ആ ചട്ടത്തിന്േറയോ റഗുലേഷന്േറയോ കീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കുന്നതാണ്.

C. Raman Menon,
*Additional Secretary to the Government of India*